(ജെ) സർവ്വകലാശാലയുടെ കീഴിലുള്ള കോന്നി മണ്ണ് സംരക്ഷണ ഗവേഷണ കേന്ദ്രം, ഭക്ഷ്യ ഗവേഷണ കൗൺസിൽ സ്ഥാപിക്കുന്നതിന് ഭക്ഷ്യ പൊതുവിതരണ വകുപ്പിന് കൈമാറുവാൻ ധാരണയായിട്ടുണ്ട്.

കാർഷിക സർവ്വകലാശാലയിലെ ഗവേഷണങ്ങൾ

124 [432] *ശ്രീ. എ. കെ. ബാലൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക സർവ്വകലാശാലയിൽ ഇപ്പോൾ ഗവേഷണ പരീക്ഷണ പദ്ധതികൾ എന്തെങ്കിലും നിലവിലുണ്ടോ; എങ്കിൽ അവ ഏതെല്ലാമാണ്;

(ബി) കാർഷിക സർവ്വകലാശാലയുടെ ഏക മണ്ണ്-ജല സംരക്ഷണ ഗവേഷണ കേന്ദ്രം, കോലാഹലമേട്ടിലെ ഡയറി സയൻസ് കോളേജിന്റെ സ്ഥലം, കെട്ടിടം എന്നിവ കെ. എൽ. ഡി. ബോർഡിന് കൈമാറാനുള്ള കാരണം വെളിപ്പെടുത്തുമോ;

(സി) തെങ്ങ് കൃഷിയുടെ പുരോഗതിക്കായി കാർഷിക സർവ്വകലാശാല എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(ഡി) കാർഷിക സർവ്വകലാശാലയുടെ കുമരകം ഗവേഷണ കേന്ദ്രം മറ്റാർക്കെങ്കിലും കൈമാറാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) കാർഷിക സർവ്വകലാശാലയുടെ വിവിധ ഗവേഷണ കേന്ദ്രങ്ങളിൽ എന്തെല്ലാം പുതിയ പ്രവർത്തനങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നത് എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. (ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു).†

(ബി) കേരള കാർഷിക സർവ്വകലാശാലയുടെ കീഴിൽ പ്രവർത്തിക്കുന്ന കോന്നി മണ്ണ് സംരക്ഷണ ഗവേഷണ കേന്ദ്രത്തിന്റെ സ്ഥലം ഭക്ഷ്യ ഗവേഷണ കൗൺസിൽ സ്ഥാപിക്കുന്നതിനുവേണ്ടി ചില നിബന്ധനകൾക്കു വിധേയമായി ഭക്ഷ്യപൊതുവിതരണ വകുപ്പിന് കൈമാറുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്. ഇടുക്കി ജില്ലയിലെ കോലാഹലമേട്ടിൽ ഡയറി സയൻസ് കോളേജ് തുടങ്ങുന്നതിനുവേണ്ടി കെ. എൽ. ഡി. ബോർഡിന്റെ വക സ്ഥലവും കെട്ടിടവും കാർഷിക സർവ്വകലാശാല ഏറ്റെടുത്തിരുന്നുവെങ്കിലും സർക്കാരിന്റെ സാമ്പത്തിക പരാധീനത കാരണം പ്രസ്തുത സ്ഥലം കെ. എൽ. ഡി. ബോർഡിന് തിരികെ നൽകുവാൻ തീരുമാനമെടുത്തിട്ടുണ്ട്.

(സി) തെങ്ങുകൃഷിയുടെ പുരോഗതിക്കായും തെങ്ങിനുണ്ടാകുന്ന രോഗങ്ങൾക്ക് പ്രതിരോധ നടപടികൾ കണ്ടുപിടിക്കുന്നതിനായും അത് പ്രാവർത്തികമാക്കുന്നതിനായുമുള്ള ഗവേഷണ പദ്ധതികൾ കാർഷിക സർവ്വകലാശാലയുടെ കീഴിൽ നടന്നുവരുന്നു.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇല്ല.

(ഇ) കാർഷിക സർവ്വകലാശാലയുടെ വിവിധ ഗവേഷണ കേന്ദ്രങ്ങളിലായി ജലസംരക്ഷണം, മഴവെള്ളസംഭരണം, ബയോടെക്നോളജി എന്നിവയെ കേന്ദ്രീകരിച്ചുകൊണ്ടുള്ള പദ്ധതികളും ഓരോ പ്രദേശത്തിനും അനുയോജ്യമായതും വിഭവശേഷിയുടെ പൂർണ്ണ ഉപയോഗത്തിന്റെ അടിസ്ഥാനത്തിൽ ഏറ്റവും ആദായകരവുമായ മാതൃകകൾ വികസിപ്പിച്ചെടുക്കുവാനുമുള്ള പദ്ധതികളും നടന്നു വരുന്നു. കുളവാഴയുടെ നിർമ്മാർജ്ജനത്തിന് അനുയോജ്യമായ സൂക്ഷ്മാണു ജീവികളെ കണ്ടെത്തൽ, കാർഷിക വനവൽക്കരണവും വൃക്ഷസംരക്ഷണവും മാതൃകാജല സംരക്ഷണം, കരിനിലങ്ങളിലെ മത്സ്യഗവേഷണം, കൊഞ്ചു കുഞ്ഞുങ്ങളുടെ വംശവർദ്ധനവ്, വിവിധ സങ്കരയിനം പന്നികളുടെ ആദായകരമായ ഉൽപ്പാദനം, മാംസ സംസ്ക്കരണം, മകോഴി വളർത്തൽ എന്നീ മേഖലകളെ കേന്ദ്രീകരിച്ചുകൊണ്ടുള്ള ഗവേഷണ പദ്ധതികൾ എന്നിവ സർവ്വകലാശാലയ്ക്കു കീഴിൽ നടന്നുവരുന്നു. ഓട്ടോമൊബൈൽ രംഗത്ത് വെളിച്ചെണ്ണ ഒരു ലൂബ്രിക്കന്റ് ആയി ഉപയോഗിക്കാൻ ഉതകുന്ന പഠനങ്ങൾ, ചെലവു കുറഞ്ഞതും ചെറുകിട കർഷകർക്ക് ഉപയോഗപ്രദവുമായ യന്ത്രങ്ങൾ വികസിപ്പിച്ചെടുക്കുക തുടങ്ങിയ ഗവേഷണ പദ്ധതികൾക്കും സർവ്വകലാശാല തുടക്കം കുറിച്ചിട്ടുണ്ട്.

കുളമ്പുരോഗപ്രതിരോധ കുത്തിവയ്പും കന്നുകാലി മരണവും

125 [434] *ശ്രീ. മാരങ്കോട് രാധാകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുളമ്പുരോഗ പ്രതിരോധ പദ്ധതിയിൽ ഉൾപ്പെടുത്തി പ്രതിരോധ കുത്തിവയ്പ് നടത്തിയ കന്നുകാലികൾ മരണപ്പെട്ട സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര കന്നുകാലികൾ മരണപ്പെട്ടുവെന്ന് വ്യക്തമാക്കാമോ;

(ബി) കുളമ്പുരോഗ പ്രതിരോധ വാക്സിൻ നൽകിയതുമൂലം കന്നുകാലികൾ മരണപ്പെടാനിടയായ സാഹചര്യത്തെപ്പറ്റി പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഉണ്ട്. 30 ഉരുക്കൾ മരണപ്പെട്ടിട്ടുണ്ട്. (രണ്ടു പ്രാവശ്യമായി നടത്തിയ ഗോരക്ഷാ കുത്തിവയ്പിൽ സംസ്ഥാനത്ത് മൊത്തം 30 ഉരുക്കൾ (12 പശുക്കൾ 18 ആടുകൾ) വാക്സിൻ കൊടുത്തതിനുശേഷം വാക്സിനേഷനുമായി പ്രത്യക്ഷത്തിൽ ബന്ധമുള്ള കാരണങ്ങളാൽ മരണപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്. പദ്ധതി ബാഹ്യമായ കാരണങ്ങളാൽ മൃഗസംരക്ഷണ വകുപ്പിലെ ഒരു വിഭാഗം ഉദ്യോഗസ്ഥർ നടത്തിയ പ്രചരണമാണ് കൂടുതൽ കന്നുകാലികൾ മരണപ്പെട്ടു എന്ന തെറ്റായ പത്രവാർത്തകൾ വരാൻ കാരണമെന്ന് പഠന റിപ്പോർട്ട് പറയുന്നു.

LIBRARY ARCHIVES Kerala Legislative Assembly